**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5284** **15-03-2023 - ൽ മറുപടിയ്ക്ക്**

**ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻ മന്ത്രി കൃഷി സിഞ്ചായി യോജന (Pradhan Manthri Krishi Sinchayi Yojana-PMKSY-PDMC) പ്രകാരം ഡ്രിപ്പ് ഇറിഗേഷൻ സ്ഥാപിക്കുന്നതിന് കർഷകർക്ക് സബ്സിഡി നൽകി വരുന്നുണ്ട്. ഡ്രിപ്പ് ഇറിഗേഷൻ നടപ്പിലാക്കുന്നത് കൊണ്ടുള്ള നേട്ടങ്ങളെക്കുറിച്ചുള്ള ബോധവത്കരണ പരിപാടികളും പരിശീലന പരിപാടികളും കൃഷി വകുപ്പ് മുഖേന നടപ്പാക്കിവരുന്നു. ജില്ലകൾ തോറും ഈ പദ്ധതിയുടെ പ്രചാരണത്തിനായി രജിസ്ട്രേഷൻ ക്യാമ്പുകളും കൃഷി വകുപ്പിന്റെ പ്രദർശനങ്ങളോട് ചേർന്ന് പ്രദർശന സ്റ്റാളുകളും തയാറാക്കി പ്രചാരണം നടത്തി വരുന്നു. ഡ്രിപ്പ് ഇറിഗേഷൻ കൂടുതൽ വ്യപകമാക്കുവാൻ വേണ്ടി പദ്ധതിയുടെ നോട്ടീസുകളും കൈപുസ്തകങ്ങളും വിതരണത്തിനായി തയാറാക്കി വരുന്നു. പത്രമാധ്യമങ്ങളിലും സാമൂഹിക മാധ്യമങ്ങളിലും PMKSY-PDMC പദ്ധതിയെക്കുറിച്ച് പ്രചാരണം നടത്തി വരുന്നു. ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി കൃഷി വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം വഴിയാണ് നടപ്പിലാക്കി വരുന്നത്.ഈ പദ്ധതിയെക്കുറിച്ചുള്ള വിശദാംശങ്ങളും അപേക്ഷ സമർപ്പിക്കേണ്ട രീതിയും സാങ്കേതിക വിവരങ്ങളും കൃഷി ഭവനുകളിൽ ലഭ്യമാണ്. സബ്സിഡിക്കായി കൃഷിഭവനുകൾ മുഖാന്തിരമോ കാർഷിക എഞ്ചിനീയറുടെ കാര്യാലയം മുഖേനയോ കർഷകർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൃഷി ഭവൻ തലത്തിൽ ക്യാമ്പുകൾ നടത്തി ജീവനക്കാർക്കും കർഷകർക്കും പരിശീ പരിശീലനം നൽകി വരുന്നു. |
| (ബി) | കൃഷി ഭവൻ മുഖേന ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ബി) | കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻ മന്ത്രി കൃഷി സിഞ്ചായി യോജന (Pradhan Manthri Krishi Sinchayi Yojana-PMKSY-PDMC) പ്രകാരം ഡ്രിപ്പ് ഇറിഗേഷൻ സ്ഥാപിക്കുന്നതിന് കർഷകർക്ക് സബ്സിഡി നൽകി വരുന്നുണ്ട്. ഡ്രിപ്പ് ഇറിഗേഷൻ |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നത് കൊണ്ടുള്ള നേട്ടങ്ങളെക്കുറിച്ചുള്ള ബോധവത്കരണ പരിപാടികളും പരിശീലന പരിപാടികളും കൃഷി വകുപ്പ് മുഖേന നടപ്പാക്കിവരുന്നു. ജില്ലകൾ തോറും ഈ പദ്ധതിയുടെ പ്രചാരണത്തിനായി രജിസ്ട്രേഷൻ ക്യാമ്പുകളും കൃഷി വകുപ്പിന്റെ പ്രദർശനങ്ങളോട് ചേർന്ന് പ്രദർശന സ്റ്റാളുകളും തയാറാക്കി പ്രചാരണം നടത്തി വരുന്നു. ഡ്രിപ്പ് ഇറിഗേഷൻ കൂടുതൽ വ്യപകമാക്കുവാൻ വേണ്ടി പദ്ധതിയുടെ നോട്ടീസുകളും കൈപുസ്തകങ്ങളും വിതരണത്തിനായി തയാറാക്കി വരുന്നു. പത്രമാധ്യമങ്ങളിലും സാമൂഹിക മാധ്യമങ്ങളിലും PMKSY-PDMC പദ്ധതിയെക്കുറിച്ച് പ്രചാരണം നടത്തി വരുന്നു. ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി കൃഷി വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം വഴിയാണ് നടപ്പിലാക്കി വരുന്നത്.ഈ പദ്ധതിയെക്കുറിച്ചുള്ള വിശദാംശങ്ങളും അപേക്ഷ സമർപ്പിക്കേണ്ട രീതിയും സാങ്കേതിക വിവരങ്ങളും കൃഷി ഭവനുകളിൽ ലഭ്യമാണ്. സബ്സിഡിക്കായി കൃഷിഭവനുകൾ മുഖാന്തിരമോ കാർഷിക എഞ്ചിനീയറുടെ കാര്യാലയം മുഖേനയോ കർഷകർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൃഷി ഭവൻ തലത്തിൽ ക്യാമ്പുകൾ നടത്തി ജീവനക്കാർക്കും കർഷകർക്കും പരിശീ പരിശീലനം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ